**അടിയന്തരപ്രമേയം**

**ആദിവാസി സ്ത്രീയുടെ മരണം**

മി. സ്പീക്കർ: അട്ടപ്പാടി ഉമ്മത്താൻപടി ഊരിലെ ആദിവാസി സ്ത്രീയായ രങ്കി നെഞ്ചുവേദനയെത്തുടർന്ന് പുതൂർ പ്രാഥമികാരോഗ്യ കേന്ദ്രത്തിലും തുടർന്ന് കോട്ടത്തറ ട്രൈബൽ സ്പെഷ്യാലിറ്റി ആശുപത്രിയിലും എത്തിയെങ്കിലും ഡോക്ടർമാർ ഇല്ലാത്തതിനാൽ സ്വകാര്യ ആശുപത്രി യിലേയ്ക്ക് പോകവേ വഴിമദ്ധ്യേ മരണപ്പെട്ടതിനെത്തുടർന്ന് ഊരുകളിലെ ആദിവാസി സ്ത്രീകളാകെ ആശങ്കയിലായിരിക്കുന്നതായി പറയപ്പെടുന്ന സ്ഥിതിവിശേഷം സംബന്ധിച്ച് ഇന്നത്തെ സഭാനടപടികൾ നിറുത്തിവച്ച് ചർച്ച ചെയ്യണമെന്ന് ആവശ്യപ്പെട്ട് സർവ്വശ്രീ. കെ.വി. വിജയദാസ്, വി.എ സ്. സുനിൽകുമാർ, ജോസ് തെറ്റയിൽ, കോവൂർ കുഞ്ഞുമോൻ, എ.കെ. ശശീന്ദ്രൻ എന്നീ ബഹുമാനപ്പെട്ട അംഗങ്ങൾ റൂൾ 50 പ്രകാരം നോട്ടീസ് നൽകിയിട്ടുണ്ട്.

ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. വി. എസ്. ശിവകുമാർ): സർ, വയനാട് ജില്ലയിൽ അട്ടപ്പാടി ഉമ്മ ത്താൻപടി ഊരിൽ അംഗനവാടി ജീവനക്കാരിയായ രങ്കി എന്ന ആദി വാസി സ്ത്രീയെ നെഞ്ചുവേദനയെത്തുടർന്ന് പുതൂർ പ്രാഥമകാരോഗ്യ കേന്ദ്രത്തിൽ ഇന്നലെ എത്തിച്ചിരുന്നു. എന്നാൽ ഒരു ഡോക്ടർ മാത്രമുള്ള പ്രാഥമികാരോഗ്യ കേന്ദ്രത്തിലെ ഡോക്ടർ വീക്കിലി ഓഫായിരുന്നു. ഒരു ഡോക്ടർ മാത്രമുള്ള പി.എച്ച്.സി-കളിൽ പ്രവൃത്തി ദിവസങ്ങളിൽ

ഡോക്ടർമാർ ഓഫ് എടുക്കരുതെന്ന പ്രത്യേക നിർദ്ദേശം നിലവിലുണ്ട്. അതുകൊണ്ടാണ് ഡോക്ടർ ഞായറാഴ്ച ഓഫ് എടുത്തതെന്നുള്ളതാണ് വിശദീകരണം. ഈ ആശുപത്രിയിൽ മറ്റ് സൗകര്യങ്ങളൊന്നും നിലവിലില്ലാത്തതിനാൽ രോഗിയെ അടുത്തുള്ള കോട്ടത്തറ ട്രൈബൽ സ്പെഷ്യാലിറ്റി ആശുപത്രിയിലേയ്ക്ക് കൊണ്ടുപോകുവാൻ നിർദ്ദേശിച്ചു. കോട്ടത്തറ ട്രൈബൽ സ്പെഷ്യാലിറ്റി ആശുപത്രിയിൽ നാല് ഡോക്ടർമാരുണ്ടെങ്കിലും സംഭവ ദിവസമായ ഇന്നലെ ഒരു ഡോക്ടർ ട്രെയിനിംഗിലായിരുന്നു, മറ്റ് മൂന്ന് ഡോക്ടർമാർ ഹാജരായിരുന്നില്ല. ഈ ആശുപത്രിയിൽ കിടത്തി ചികിത്സയുണ്ടെങ്കിലും അത്യാഹിത വിഭാഗം പ്രവർത്തിക്കുന്നില്ല. ഡോക്ടർമാർ ഇല്ലാതിരുന്ന സാഹചര്യത്തിൽ സ്റ്റാഫ് നഴ്സുമാർ രോഗിയെ കൂടുതൽ സൗകര്യമുള്ള അഗളി സി.എച്ച്.സി-യിലേക്ക് കൊണ്ടുപോകുവാൻ നിർദ്ദേശിച്ചു. എന്നാൽ അവിടെ എത്തിച്ചേരുന്നതിനുമുമ്പ് സ്വകാര്യ ആശുപത്രിയായ വിവേകാനന്ദ മിഷൻ ആശുപത്രിയിൽ രോഗിയെ എത്തിച്ചെങ്കിലും വഴിമദ്ധ്യേ രോഗി മരണപ്പെടുകയാണുണ്ടായത്. കോട്ടത്തറ ആശുപത്രിയിലെ എല്ലാ ഡോക്ടർമാരും ഒരേ സമയം ആബ്സന്റായത് ഗുരുതരമായ കൃത്യവിലോപമായാണ് സർക്കാർ കാണുന്നത്. ഇത് സംബന്ധിച്ച വിശദമായ റിപ്പോർട്ടും ഡോക്ടർമാരിൽനിന്നും വിശദീകരണം ലഭ്യമാക്കാനും ആരോഗ്യവകുപ്പ് ഡയറക്ടറോട് ആവശ്യപ്പെട്ടിട്ടുണ്ട്. റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഡോക്ടർമാർക്കെതിരെ കർശന നടപടികൾ സ്വീകരിക്കുന്നതാണ്. കിടത്തി ചികിത്സാ സൗകര്യം

ഉണ്ടെങ്കിലും അത്യാഹിത വിഭാഗം നിലവിലില്ലാത്ത കോട്ടത്തറ ട്രൈബൽ സ്പെഷ്യാലിറ്റി ആശുപത്രിയിൽ കാഷ്വാലിറ്റി വിഭാഗം ആരംഭിക്കുന്നതിനും ഇതിലേക്കാവശ്യമായ ഡോക്ടറെ നിയമിക്കുന്നതിനും നടപടി സ്വീകരിക്കുന്നതാണ്.

ശ്രീ. കെ.വി. വിജയദാസ്: സർ, പാവപ്പെട്ട ഒരു ആദിവാസി വനിത അതിദാരുണമായ നിലയിൽ ഇന്നലെ മരണമടഞ്ഞു. അത്യന്തം വേദനാജനകമായ ഈ വസ്തുതയെ ബഹുമാനപ്പെട്ട ആരോഗ്യ വകുപ്പുമന്ത്രി വളരെ നിസാരവത്ക്കരിച്ചുകൊണ്ട് സഭയെ തെറ്റിദ്ധരിപ്പിക്കുന്ന പ്രസ്താവനയാണ് ഇവിടെ നടത്തിയത്. യഥാർത്ഥത്തിൽ അവിടെ ഉണ്ടായത്, പുതൂർ പഞ്ചായത്തിലെ ഉമ്മത്താൻപടി ഊരിലെ രങ്കിയെന്ന ആദിവാസി വനിതയ്ക്ക് നെഞ്ചുവേദന അനുഭവപ്പെട്ടപ്പോൾ രാവിലെ അടുത്തുള്ള പുതൂർ ഹോസ്പിറ്റലിൽ കൊണ്ടുപോയി. പുതൂർ ആശുപത്രിയിൽ നിലവിൽ ഡോക്ടർ ഉണ്ടെന്നാണ് ധാരണയെങ്കിലും ആരുമില്ലായിരുന്നു, ഒരു പൂച്ചക്കുട്ടിപോലും അവിടെ ഉണ്ടായിരുന്നില്ല. അവിടെനിന്നും രോഗിയേയുംകൊണ്ട് അവരുടെ ഭർത്താവും കൂട്ടുകാരും നേരെ കോട്ടത്തറ ആശുപത്രിയിലേക്കാണ് പോയത്. കഴിഞ്ഞ ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റ് ഭരിക്കുന്ന അവസരത്തിൽ കോട്ടത്തറ ആശുപത്രിയിൽ ആറ് ഡോക്ടർമാരും ഓപ്പറേഷൻ തീയറ്ററും വെന്റിലേറ്ററും മറ്റെല്ലാ സൗകര്യങ്ങളുമുള്ള സൂപ്പർ സ്പെഷ്യാലിറ്റി ആശുപത്രിയായിരുന്നു. ആ സൗകര്യങ്ങളൊക്കെ ഇപ്പോഴും ഉണ്ടെന്ന ധാരണയിലാണ് കോട്ട

ത്തറ സൂപ്പർ സ്പെഷ്യാലിറ്റി ആശുപത്രിയിലേക്ക് പാവപ്പെട്ട ആദിവാസി സ്ത്രീയേയുംകൊണ്ട് അവരുടെ ഭർത്താവും കൂട്ടുകാരും പോയത്. എന്നാൽ വളരെ ഭീകരവും ഒന്നുമില്ലാത്ത സ്ഥിതിയുമാണ് കോട്ടത്തറ ആശുപത്രിയിലുള്ളത്. ഒരാളുപോലും അവരെ തിരിഞ്ഞുനോക്കാനില്ലായിരുന്നു. അവിടെ ചെന്നപ്പോൾ ആദ്യം പറഞ്ഞത്, ഇന്ന് ഞായറാഴ്ചയാണ് എന്നാണ്. ആശുപത്രിയിൽ ഞായറാഴ്ച എന്നുണ്ടോ; ആശുപത്രിയിൽ ഞായറാഴ്ച രോഗികളെ പരിശോധിക്കില്ലേ; ഞായറാഴ്ച രോഗം വരാൻ പാടില്ലായെന്നാണോ പറയുന്നത്? 'ഇന്ന് ഞായറാഴ്ചയാണ്, ഇങ്ങോട്ടുവരണ്ടാ'എന്നുപറഞ്ഞ് ആദിവാസി വനിതകളെ ആട്ടിയോടിക്കുകയാണ് ഈ ഗവൺമെന്റിന്റെ ഉദ്യോഗസ്ഥന്മാർ ചെയ്തത്. ഞങ്ങൾ ഇതുപറയാൻ കാരണം ഇതൊരു സാധാരണ വിഷയമല്ല. കേരളത്തിലെ ആരോഗ്യമേഖലയിലെ പ്രശ്നങ്ങളുമായി ബന്ധപ്പെട്ടുകൊണ്ട് ഇതിനുമുമ്പ് ചർച്ച വന്നപ്പോൾ, ഈ ഗവൺമെന്റിന്റെ കീഴിൽ സുസജ്ജമായ എല്ലാ സജീകരണങ്ങളുമുണ്ട്, എവിടെയും മരുന്നുകൾ കൊടുക്കാനും ഏത് ആശുപത്രിയിലേയ്ക്കും ഡോക്ടറെ എത്തിക്കാനും തങ്ങൾ തയ്യാറാണെന്നാണ് ബഹുമാനപ്പെട്ട ആരോഗ്യ വകുപ്പുമന്ത്രി ഈ സഭയിൽ പറഞ്ഞത്. അതിന് എന്തെങ്കിലും വിലയുമുണ്ടോ സർ? അന്ന് ആരോഗ്യ വകുപ്പുമന്ത്രിയുടെ പ്രഖ്യാപനം കേട്ടിട്ട് അംഗങ്ങൾക്ക് മനസ്സിലാകാത്തതുകൊണ്ടാകാം ബഹുമാന്യനായ മുഖ്യമന്ത്രി എഴുന്നേറ്റുനിന്ന് പറഞ്ഞത്, ഇന്ന് വെള്ളിയാഴ്ചയാണ്, നിങ്ങൾ ഉടൻ നാട്ടിലേയ്ക്ക് പോയി അവരവരുടെ

മണ്ഡലങ്ങളിലുള്ള പഞ്ചായത്ത് പ്രസിഡന്റുമാരേയും ആരോഗ്യവകുപ്പ് ഉദ്യോഗസ്ഥന്മാരേയും വിളിച്ചുകൂട്ടി എവിടെയെല്ലാം ഡോക്ടർമാരും നഴ്സുമാരും മറ്റ് സ്റ്റാഫുമില്ലാത്തതെന്ന് കണക്കെടുത്ത് തിങ്കളാഴ്ച അദ്ദേ ഹത്തെ ഏൽപ്പിക്കണമെന്നാണ് പറഞ്ഞത്. ഏതൊക്കെ ആശുപത്രികളി ലാണ് ഡോക്ടർമാരും മരുന്നും മറ്റ് ആരോഗ്യ പ്രവർത്തകരുമില്ലാ ത്തതെന്ന് അറിയിച്ചാൽ അടിയന്തരമായി നടപടി സ്വീകരിക്കുമെന്നാണ് പറഞ്ഞത്. അപ്പോൾ സഭ പിൻഡ്രോപ് സൈലന്റായിരുന്നു. എന്നെപ്പോ ലെ പുതുതായി തെരഞ്ഞെടുക്കപ്പെട്ട എം.എൽ.എ-മാർ ആദരണീയനായ മുഖ്യമന്ത്രിയുടെ പ്രഖ്യാപനം കേട്ടപ്പോൾ വാസ്തവത്തിൽ ഒരു കവിയുടെ വചനമാണ് ഓർത്തത്,

'കേരളമെന്ന് കേട്ടാലോ, തിളയ്ക്കണം
ചോര നമുക്കു ഞരമ്പുകളിൽ'

എന്നാൽ ഇപ്പോൾ എന്തായി? കേവലം 140 എം.എൽ.എ മാരോടല്ല, മൂന്നേകാൽക്കോടി ജനങ്ങളോടാണ് ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറഞ്ഞ ത്. എന്നിട്ടും പാവപ്പെട്ട ആ രോഗി മരിച്ചില്ലേ? യു.ഡി.എഫ് ഗവൺമെന്റ് എന്നുപറഞ്ഞാൽ ആദിവാസികളുടെ രക്ഷകരല്ല, അന്തകരാണ്. തിരിഞ്ഞു നോക്കാൻ ആരുമില്ലാതെ 64 വയസ്സായ രങ്കി എന്ന ആദിവാസി വനിത ദാരുണമായ നിലയിലാണ് കൊല്ലപ്പെട്ടത്. ആദിവാസി ഭൂമി, കാറ്റാടി യന്ത്രം എന്നൊക്കെ പറഞ്ഞ് അട്ടപ്പാടി മലനിരകളെ ഉണർത്തിക്കൊ ണ്ടാണ് ബഹുമാന്യനായ ആഭ്യന്തര വകുപ്പുമന്ത്രി ശ്രീ. തിരുവഞ്ചൂർ രാധാ

കൃഷ്ണൻ അവിടെ എത്തിയത്. ആദിവാസി സ്ത്രീകൾ മരിച്ചുവീഴുമ്പോൾ തിരിഞ്ഞുനോക്കാൻ ആരുമില്ല. ജൂലൈ 12-ാം തീയതി പ്രസവവേദനയെടുത്ത് ഒരു ആദിവാസി സ്ത്രീ കോട്ടത്തറ ആശുപത്രിയിൽ എത്തിയപ്പോഴും ഇതേ അനുഭവമാണുണ്ടായത്, ഡോക്ടർ ഇല്ലായെന്നുപറഞ്ഞുകൊണ്ട് ആട്ടിയോടിക്കുകയാണ് ചെയ്തത്. പിന്നീട് ആ സ്ത്രീ ഓട്ടോറിക്ഷയിൽ സുഖമായി പ്രസവിച്ചു. എങ്ങനെയാണ് ഇത് സഹിക്കുക? ബഹുമാനപ്പെട്ട മുഖ്യമന്ത്രി ശ്രീ. ഉമ്മൻ ചാണ്ടിയുടെ ഭരണത്തിൻകീഴിൽ സ്ത്രീകൾ ഓട്ടോറിക്ഷയിൽ പ്രസവിക്കുന്നു. ഇടതുപക്ഷ ജനാധിപത്യ ഗവൺമെന്റിന്റെ കാലത്ത്, ബഹുമാനപ്പെട്ട ശ്രീ. എ.കെ. ബാലൻ മന്ത്രിയായിരുന്നപ്പോൾ കോട്ടത്തറയിൽ സൂപ്പർ സ്പെഷ്യാലിറ്റി ആശുപത്രിയുടെ പ്രവർത്തനം ആരംഭിച്ച്, ആറ് ഡോക്ടർമാരുൾപ്പെടെ എല്ലാ സൗകര്യങ്ങളും ലഭ്യമാക്കിയിരുന്നു. കൂടാതെ രോഗികൾക്കും ബൈസ്റ്റാൻഡർമാർക്കും സൗജന്യമായ ഭക്ഷണവും പണവും നൽകിയിരുന്നു. അന്ന് ട്രൈബൽ ഓഫീസറെ പോയി കണ്ടാൽ ആദിവാസികൾക്ക് ഉടനെ പണം നൽകുമായിരുന്നു. ബൈസ്റ്റാൻഡർമാർക്ക് എല്ലാ സൗകര്യങ്ങളും ലഭ്യമായിരുന്നു. മരുന്നും മറ്റെല്ലാ സൗകാര്യങ്ങളും അന്ന് ഉണ്ടായിരുന്നു. ഇപ്പോൾ സൂപ്പർ സ്പെഷ്യാലിറ്റി ആശുപത്രികളുടെ പ്രവർത്തനത്തിന് പണമില്ലെന്ന് കണ്ടെത്തിയ സബ്ജക്ട് കമ്മിറ്റി അഞ്ചുകോടി രൂപ ആരോഗ്യവകുപ്പിന് നൽകണമെന്ന് ധനകാര്യ വകുപ്പുമന്ത്രിയോട് ആവശ്യപ്പെട്ടെങ്കിലും അദ്ദേഹം അഞ്ച് നയാപൈസ നൽകിയില്ല.

മി. സ്പീക്കർ: യെസ്,.... യെസ്,... ശ്രീ. കെ.വി. വിജയദാസ്, പ്ലീസ് കൺക്ലൂഡ്

ശ്രീ. കെ.വി. വിജയദാസ്: കേരളത്തിലെ ആരോഗ്യരംഗം കുത്തഴിഞ്ഞുകിടക്കുകയാണ്. പാവപ്പെട്ട ആദിവാസികൾക്ക് രക്ഷയില്ല. കേരളത്തിലെ ജനങ്ങൾ അക്ഷമരാണ്. വയനാട്ടിലും അട്ടപ്പാടിയിലും മാത്രമല്ല, കേരളത്തിലെ ഒരാശുപത്രിയിലും ആവശ്യത്തിന് ഡോക്ടർമാരില്ല. കേരളം ഇന്ന് പനികൊണ്ട് വിറങ്ങലിച്ചുനിൽക്കുകയാണ്. എല്ലാ ആശുപത്രികളും പനിക്കാരെ കൊണ്ട് നിറഞ്ഞിരിക്കുന്നു. 2012 ജനുവരി മാസം മുതൽ ജൂലൈ മാസം വരെയുള്ള കണക്കെടുത്തുപരിശോധിച്ചാൽ മനസ്സിലാകും അട്ടപ്പാടിയിൽ മാത്രം 53 ആദിവാസികൾ മരണപ്പെട്ടിരിക്കുകയാണെന്ന്. 22 പേർക്ക് ഡെങ്കിപ്പനിയും 2 പേർക്ക് മലേറിയയും അവിടെ റിപ്പോർട്ട് ചെയ്തെങ്കിലും ഒരു നടപടിയും സ്വീകരിച്ചില്ല. ചരിത്രത്തിൽ ആദ്യമായി ആദിവാസി വിഭാഗത്തിൽപ്പെട്ട ഒരാളെ മന്ത്രിയാക്കി എന്ന് യു.ഡി.എഫ്. അവകാശപ്പെട്ടതാണ്. അതുകൊണ്ടുമത്രാം രക്ഷയുണ്ടോ; കേരളത്തിന് എന്തെങ്കിലും പ്രയോജനമുണ്ടോ? ആദിവാസികളുടെ ജീവൻകൊണ്ട് പന്താടുകയാണ്. കഴിഞ്ഞ വെള്ളിയാഴ്ച ഒരു ദാരുണമായ സംഭവം നടന്നു. പ്ലസ് വൺ-ന് സ്കൂളിൽ സീറ്റ് നൽകാത്തതുകൊണ്ട് ഒരു കുട്ടി ആത്മഹത്യ ചെയ്തു. ആ പ്രശ്നത്തെ വളരെ നിസ്സാരവൽക്കരിച്ചുകൊണ്ടാണ് ബഹുമാനപ്പെട്ട മന്ത്രിയും ഭരണപക്ഷ എം.എൽ.എ.-മാരും ഇവിടെ പ്രതികരിച്ചത്.

<u>മി. സ്പീക്കർ</u>: ശ്രീ. കെ.വി. വിജയദാസ്..... കൺക്ലൂഡ് ചെയ്യൂ.

<u>ശ്രീ. കെ.വി. വിജയദാസ്</u>: സർ, അതുപോലെ, ആദിവാസി സ്ത്രീ മരണപ്പെട്ടപ്പോൾ അത് നിസ്സാരവൽക്കരിച്ചുകൊണ്ട് ബഹുമാനപ്പെട്ട മന്ത്രിപറഞ്ഞത്, ഞായറാഴ്ച അവിടെ ഡോക്ടർമാർ ഉണ്ടാകുമെന്ന് കരുതി, പക്ഷേ ലീവെടുത്തുപോയി എന്നാണ്. ഇത് എവിടെച്ചെന്ന് ആരോടാണ് പറയുക? ഏതാണ്ട് നൂറുകണക്കിന് കുട്ടികൾ അനീമിയരോഗം ബാധിച്ച് സ്കൂളിൽ പോകാനാകാതെ വീടുകളിൽ കഴിയുകയാണ്. അവരുടെ ജീവൻ ആരോഗ്യ വകുപ്പുമന്ത്രിക്ക് തിരിച്ചുകൊടുക്കാൻ പറ്റുമോ? കേരളത്തിൽ ദാരുണമായി ഇങ്ങനെ മരണപ്പെടുമ്പോൾ ഗവൺമെന്റിന് പ്രഖ്യാപനങ്ങൾ നടത്താം, മരുന്നുണ്ടെന്നും ഡോക്ടറുണ്ടെന്നും എല്ലാം ഭദ്രമാണെന്നും ഒക്കെ പറയാം. ഇവിടെ ടി.പി. ചന്ദ്രശേഖരൻ വധത്തെക്കുറിച്ച് നൂറ്റിയൊന്ന് തവണ ആവർത്തിച്ചാൽ ഇതിനൊരു പരിഹാരം കാണാൻ പറ്റുമോ? ടി.പി. ചന്ദ്രശേഖരൻ വധത്തെക്കുറിച്ച് എല്ലാവരും പറയുന്നുണ്ട്. അതിൽ എന്തെങ്കിലും കാര്യമുണ്ടോ? അതല്ല, ഇവിടെ കാര്യമാണ് നടക്കേണ്ടത്, ഭരണമാണ് നടക്കേണ്ടത്. പാവപ്പെട്ട ആളുകളെ രക്ഷിക്കയാണ് വേണ്ടത്. രാഷ്ട്രീയമല്ല ഇതിനൊരു പരിഹാരം, ഭരണനടപടികളാണ് വേണ്ടത്, പാവപ്പെട്ടവരെ രക്ഷിക്കയാണ് വേണ്ടത്. പാവപ്പെട്ടവരെ രക്ഷിക്കാനുള്ള യാതൊരു നടപടികളും ഈ ഗവൺമെന്റിന്റെ ഭാഗത്തുനിന്ന് ഉണ്ടാകുന്നില്ല. അതാണ് ഏറ്റവും ഗൗരവമായിട്ടുള്ള കാര്യം.

<u>മി.സ്പീക്കർ</u>: 10 മിനിട്ടാകാൻ പോകുന്നു. പ്ലീസ് കൺക്ലൂഡ്.

ശ്രീ. കെ.വി. വിജയദാസ്: സർ, ഇത് സഭ നിറുത്തിവച്ച് ചർച്ച ചെയ്യണം. ഇത് വളരെ ഗൗരവമായി കാണണം. ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇങ്ങനെ പറഞ്ഞ സ്ഥിതിക്ക് ഇതിൽ വാസ്തവമുണ്ടോ എന്ന് പരിശോധിക്കാൻ. ......(മൈക്ക് ഓഫ്)........

മി. സ്പീക്കർ: സഭ നിറുത്തിവയ്ക്കണമെന്ന് അദ്ദേഹം ആവശ്യപ്പെട്ടു കഴിഞ്ഞു. ബഹുമാനപ്പെട്ട മിനിസ്റ്റർ, അങ്ങ് സംസാരിക്കൂ.

ആരോഗ്യവും കുടുംബക്ഷേമവും ദേസ്വവും വകുപ്പുമന്ത്രി (ശ്രീ. വി.എസ്. ശിവകുമാർ): സർ, ഗവൺമെന്റ് ഈ കാര്യത്തെ ഗൗരവത്തോടുകൂടി തന്നെയാണ് നോക്കിക്കാണുന്നത്. ഏറ്റവും ദു:ഖകരമായ ഒരു സ്ഥിതിവിശേഷമാണ് ആദിവാസിയായ അംഗനവാടി ജീവനക്കാരി രങ്കിയുടെ മരണം സംഭവിച്ചതുകൊണ്ട് നമുക്ക് ഉണ്ടായിട്ടുള്ളത്. ഗവൺമെന്റിന് ചെയ്യാൻ കഴിയുന്ന മുഴുവൻ കാര്യങ്ങളും ഇക്കാര്യത്തിൽ ചെയ്യുമെന്നുള്ളതിൽ യാതൊരു സംശയവുമില്ല, അത് ഞാൻ ഇവിടെ ഉറപ്പുപറയുകയാണ്. നേരത്തേ പറഞ്ഞതുപേലെ പൂതൂർ പ്രൈമറി ഹെൽത്ത് സെന്ററിലെ ഡോക്ടർ സാധാരണ ആഴ്ചയിൽ ഒരുദിവസം അവധി എടുക്കാറുണ്ട്. പ്രവൃത്തി ദിവസങ്ങളിൽ അവധി എടുക്കരുതെന്ന് നിർദ്ദേശം കൊടുത്തിട്ടുള്ളതിനാലാണ് ഞായറാഴ്ച ഡോക്ടർ അവധി എടുത്തതും അവിടെ ഡോക്ടറില്ലാത്ത സാഹചര്യമുണ്ടായതും തുടർന്ന് രോഗിയെ കോട്ടത്തറ ട്രൈബൽ സ്പെഷ്യാലിറ്റി ആശുപത്രിയിലേയ്ക്ക് പറഞ്ഞയക്കുകയും ചെയ്തത്. അത് സൂപ്പർ സ്പെഷ്യാലിറ്റി ആശുപത്രിയ

ല്ല, ട്രൈബൽ സ്പെഷ്യാലിറ്റി ആശുപത്രിയാണ്. കേരളത്തിൽ സൂപ്പർ സ്പെഷ്യാലിറ്റി ആശുപത്രികളായി മെഡിക്കൽ കോളേജുകൾ മാത്രമേയുള്ളൂ. ട്രൈബൽ സ്പെഷ്യാലിറ്റി ആശുപത്രിയിൽ നാല് ഡോക്ടർമാർ ഉണ്ടായിരുന്നതിൽ ഒരു ഡോക്ടർ ട്രെയിനിംഗിന് പോയിരുന്നു. മൂന്ന് ഡോക്ടർമാർ ഗുരുതരമായ കൃത്യവിലോപനമാണ് കാണിച്ചത്, അവർ മൂന്നുപേരും ഹാജരായിരുന്നില്ല എന്നുള്ളത് ശരിതന്നെ യാണ്. ....(ബഹളം)..... ഇക്കാര്യത്തിൽ വേണ്ട നടപടി ഗവൺമെന്റ് സ്വീക രിക്കുമെന്ന കാര്യത്തിൽ യാതൊരു സംശയവും വേണ്ട. ആ പ്രദേശങ്ങളി ലുള്ള സ്ഥിതിവിശേഷം നമുക്കെല്ലാവർക്കുമറിയാം. ഡോക്ടർമാരെ അവിടെ താമസിപ്പിക്കുന്നതിലേയ്ക്കായി ഒരു ക്വാർട്ടേഴ്സിന്റെ പണി എസ്.സി./എസ്.റ്റി ഡിപ്പാർട്ടമെന്റിന്റെ ആഭിമുഖ്യത്തിൽ നടക്കുന്നുണ്ട്. അതിന്റെ പണി വളരെ വേഗം പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. കേരളത്തിൽ എല്ലാ സ്ഥലങ്ങളിലും പനി വ്യാപക മായ ഒരു സാഹചര്യത്തിൽ എല്ലാ നിയോജകമണ്ഡലങ്ങളിലും എം. എൽ.എ.മാർ അവരവരുടെ പ്രദേശങ്ങളിലെ പഞ്ചായത്ത് പ്രസിഡന്റു മാരെയും ആരോഗ്യരംഗത്തെ പ്രവർത്തകരെയും വിളിച്ച് കാര്യങ്ങൾ അവ ലോകനം ചെയ്യണമെന്ന് ഒരു നിർദ്ദേശം ഗവൺമെന്റ് കൊടുത്തിരുന്നു. ആ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ 95 നിയോജകമണ്ഡലങ്ങളിലെ എം.എൽ.എ. മാർ അതുമായി ബന്ധപ്പെട്ട അവലോകന യോഗങ്ങൾ നടത്തി റിപ്പോർട്ടുകൾ ആരോഗ്യവകുപ്പിന് സമർപ്പിട്ടുണ്ട്. അതിന്റെ അടി

സ്ഥാനത്തിൽ ആരോഗ്യവകുപ്പിലെ ഉയർന്ന ഉദ്യോഗസ്ഥരുടെ യോഗം കഴിഞ്ഞയാഴ്ച വിളിച്ചുചേർത്ത് ഡി.എച്ച്.എസ്.-നും ഡി.എം.ഒ.-യ്ക്കും ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതിനുവേണ്ടി ഞാൻതന്നെ നിർദ്ദേശവും നൽകിക്കഴിഞ്ഞു. കാസർഗോഡ്, പാലക്കാട്, ഇടുക്കി പോലുള്ള ജില്ലകളിൽ ഡോക്ടമാർ പോകാൻ തയ്യാറല്ല. അതുകൊണ്ടാണ് കാസർഗോഡ് ജില്ലയിൽ ജോലി ചെയ്യുന്ന ഡോക്ടർമാർക്ക് അധികമായി 20000 രൂപ നൽകുന്നതിനുള്ള തീരുമാനം ഗവൺമെന്റ് എടുത്തത്. ആദിവാസി മേഖലകളിലും തീരദേശ മേഖലകളിലും പനി ബാധിതരെ സഹായിക്കുന്നതിലേയ്ക്കുവേണ്ടി മൂന്ന് പ്രാവശ്യം ക്യാബിനറ്റ് കൂടി ഒരു കാലഘട്ടത്തിലും ഇല്ലാത്ത രീതിയിൽ ഡോക്ടർമാർ, സ്റ്റാഫ് നഴ്സ്, പാരാമെഡിക്കൽ സ്റ്റാഫ് എന്നിവരുൾപ്പെടെ 1902 ജീവനക്കാരെ താല്ക്കാലികമായി നിയമിക്കുന്നതിന് ഗവൺമെന്റ് നടപടി സ്വീകരിച്ചുകഴിഞ്ഞു. ഏകദേശം 1400-ഓളം പേരെ ഇതിനകം തന്നെ നിയമിച്ചുകഴിഞ്ഞു. അട്ടപ്പാടി പ്രദേശത്ത് ഡോക്ടർമാർ പോകാനുള്ള വൈമനസ്യം പലപ്പോഴും കാണിക്കുന്നുണ്ട്. കാസർഗോഡ് ജില്ലയിലെ ഡോക്ടർമാർക്ക് നൽകിയതുപോലെ ഇവിടെയും 20000 രൂപ ഡോക്ടർമാർക്ക് കൊടുക്കുന്നതിന് ഗവൺമെന്റ് തയ്യാറാണ്. എന്തായിരുന്നാലും ഇക്കാര്യം വളരെ ഗൗരവത്തോടുകൂടി ഗവൺമെന്റ് കൈകാര്യം ചെയ്യുന്നുണ്ട്. തീർച്ചയായിട്ടും ഇത് വേദനാജനകമായ സ്ഥിതിവിശേഷമാണ്. ഗുരുതരമായ കൃത്യവിലോപം ഡോക്ടർമാർ കാണിച്ചുവെന്ന കാര്യത്തിൽ യാതൊരു സംശയവുമില്ല.

റിപ്പോർട്ട് ലഭ്യമായതിനുശേഷം കർശനമായ നടപടികൾ അടിയന്തിരമായി സ്വീകരിക്കുന്നതാണ്. അതുകൊണ്ട് ഈ വിഷയം സഭ നിറുത്തിവച്ച് ചർച്ച ചെയ്യേണ്ട ആവശ്യമില്ല.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രിയുടെ വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ അടിയന്തര പ്രമേയാവതരണത്തിന് അനുമതി നിഷേധിക്കുന്നു.

പ്രതിപക്ഷ നേതാവ് (ശ്രീ. വി.എസ്. അച്ചുതാനന്ദൻ): സർ, ഉമ്മത്താൻപടി ഊരിലെ രങ്കി എന്നുപറയുന്ന ആദിവാസി സ്ത്രീ നെഞ്ചുവേദനയെത്തുടർന്ന് ആശുപത്രിയിലെത്തിയെങ്കിലും, നമ്മുടെ മന്ത്രിയുടെ അഭിപ്രായമനുസരിച്ച്, ഒറ്റ ഡോക്ടർ മാത്രമുള്ള ആശുപത്രി ആയിരുന്നതുകൊണ്ട് അവിടെ ആളില്ലായിരുന്നു. അതുകഴിഞ്ഞ് ആ സാധു സ്ത്രീ നാല് ഡോക്ടർമാരുള്ള പ്രാഥമികാരോഗ്യകേന്ദ്രത്തിലും തുടർന്ന് കോട്ടത്തറ ട്രൈബൽ സ്പെഷ്യാലിറ്റി ആശുപത്രിയിലും എത്തിയെങ്കിലും അവിടെ നമ്മുടെ ബഹുമാനപ്പെട്ട മന്ത്രി തന്നെ പറഞ്ഞു നാല് ഡോക്ടർമാരിൽ ആരുമുണ്ടായിരുന്നില്ല എന്ന്. മന്ത്രി അടിന്തരപ്രമേയത്തിന് മറുപടി പറയുന്നതിന് മുമ്പ് ആ നാല് ഡോക്ടർമാരെയും എന്തുചെയ്തു എന്നുള്ളതിനെക്കുറിച്ചുകൂടി ഇവിടെ പറയാൻ കഴിയുമായിരുന്നുവെങ്കിൽ നമ്മുടെ സഭയ്ക്ക്, ബഹുമാനപ്പെട്ട മന്ത്രിയുടെ വകുപ്പിന് അഭിമാനിക്കാമായിരുന്നു. അതേപ്പറ്റി ആലോചിക്കാൻ തീരുമാനിച്ചിരിക്കുന്നു എന്നാണ് അദ്ദേഹം പറഞ്ഞത്. അദ്ദേഹത്തിന്റെ ഈ പ്രഖ്യാപനം തന്നെ നടന്നുകണ്ടാൽ നമുക്ക്

മനസ്സിലാക്കാൻ കഴിയും. അതുമാത്രം മതിയോ? ഡോക്ടർമാരുടെ അഭാവംമൂലം ആ സാധു സ്ത്രീ മരണപ്പെട്ടില്ലേ? സ്വകാര്യ ആശുപത്രിയിലേയ്ക്ക് പോകുന്നവഴി ഇടയ്ക്കുവച്ച് ആ സ്ത്രീ മരിച്ചു. അതുപോലെ തന്നെ ആശുപത്രിയിലേയ്ക്ക് പോയ ഒരു സാധു സ്ത്രീ അവിടെ ആളില്ലാതിരുന്നതിന്റെ ഫലമായി ഓട്ടോറിക്ഷയിൽ വച്ച് പ്രസവിച്ചു. ഇത് രണ്ടും ആദിവാസി ഊരുകളിൽ ഈ ഗവൺമെന്റ് നടത്തിക്കൊണ്ടിരിക്കുന്ന ഏറ്റവും ആവേശകരമായ പ്രവർത്തനങ്ങളുടെ വ്യക്തമായ തെളിവല്ലേ? അടിയന്തരപ്രമേയം അവതരിപ്പിച്ചുകൊണ്ട് ശ്രീ. കെ. വി. വിജയദാസ് ഇവിടെ പറഞ്ഞത് നൂറുശതമാനം ശരിയല്ലേ? ഈ ഗവൺമെന്റിന്റെ കീഴിൽ ആദിവാസികൾക്ക് രക്ഷയില്ലെന്ന് മാത്രമല്ല നമ്മുടെ വകുപ്പുമന്ത്രിയുടെ കീഴിലുള്ള സെക്രട്ടറി ആദിവാസി മേഖലയിലുള്ള ആശുപത്രികൾ പാട്ടത്തിന് കൊടുക്കാൻ ഉദ്ദേശിക്കുന്നു. ഇതുകൂടി ആദിവാസി കേന്ദ്രങ്ങളെ സംബന്ധിച്ച് കേട്ടിരിക്കുകയാണ്. ബഹുമാനപ്പെട്ട മന്ത്രി രാവിലെ പത്രം വായിച്ചിട്ടായിരിക്കും ഇവിടെ വന്നിരിക്കുന്നത്. എന്നിട്ടും അതിനെപ്പറ്റി ഒന്നും പറഞ്ഞു കേട്ടില്ല. ഏതായാലും ഈ വകുപ്പിന്റേയും ഗവൺമെന്റിന്റേയും അങ്ങേയറ്റം നിരുത്തരവാദപരമായ സമീപനത്തെ സംബന്ധിച്ചാണ് ഈ അടിയന്തരപ്രമേയം അവതരിപ്പിച്ചിരിക്കുന്നത്. സഭ നിറുത്തിവച്ച് ഇത് ചർച്ച ചെയ്യുന്നതിനുവേണ്ടി മന്ത്രിതന്നെ അനുവാദം നൽകുമെന്നാണ് ഞാൻ വിചാരിച്ചത്. ബഹുമാനപ്പെട്ട സ്പീക്കറിന് അത് സംബന്ധിച്ച് ഒന്നും പറയാൻ കഴിയില്ല. വകുപ്പുമന്ത്രിമാർ തന്നെയാണ്

അതിനെല്ലാം ഉത്തരവാദിത്തം ഏറ്റെടുക്കേണ്ടത്. വകുപ്പുമന്ത്രിക്ക് ഇത് സംബന്ധിച്ച് യാതൊരു വിധത്തിലുള്ള ഫീലിംഗുമില്ല എന്നത് ഇതിൽ നിന്ന് വ്യക്തമായിരിക്കുകയാണ്. പാവപ്പെട്ട ആദിവാസി സ്ത്രീ മരണപ്പെട്ടതിന് ഉത്തരവാദികളായ ഡോക്ടർമാരിൽ നിന്ന് ഗവൺമെന്റ് നഷ്ടപരിഹാരം ഈടാക്കുമെന്ന് പറയാനുള്ള ചങ്കൂറ്റം ബഹുമാനപ്പെട്ട മന്ത്രി കാണിച്ചില്ല. ആ കുടുംബത്തിന് ആശ്വാസം നൽകാൻ എന്ത് ചെയ്യും; ഓട്ടോറിക്ഷയിൽ പ്രസവിച്ച ആ കുടുംബത്തോടും ഇവരോടും കാണിച്ചത് അശ്രദ്ധയല്ലേ? ഗവൺമെന്റ് ആശുപത്രികളിൽ ഡോക്ടർമാർ ഇല്ലാതിരുന്നതിന്റെ ഫലമായി വേറെ ആശുപത്രിയിലേയ്ക്ക് പോകുന്ന വഴിയല്ലേ ഓട്ടോറിക്ഷയിൽ പ്രസവിക്കേണ്ടി വന്നത്? ഇതെല്ലാംതന്നെ ഈ ഗവൺമെന്റിന്റെ നിരുത്തരവാദം വ്യക്തമാക്കുന്ന നടപടികളാണ്. ഗവൺമെന്റിനുവേണ്ടി മന്ത്രി ഇവിടെ നൽകിയ വിശദീകരണം യാതൊരുതരത്തിലും തൃപ്തികരമല്ല. ആദിവാസികൾക്ക് തെല്ലെങ്കിലും ആശയോടുകൂടി ഉറ്റുനോക്കാൻ കഴിയുന്ന ഒരു മറുപടി ഗവൺമെന്റിന്റെ ഭാഗത്തുനിന്ന് ഉണ്ടാകാത്തതിൽ ശക്തമായി പ്രതിഷേധിച്ചുകൊണ്ട് ഞാനും എന്റെ പാർട്ടിയും വാക്കൗട്ട് ചെയ്യുകയാണ്.

(ശ്രീ. വി.എസ്. അച്ചുതാനന്ദനും അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ട അംഗങ്ങളും സഭവിട്ടു പുറത്തുപോയി.)

ശ്രീ. ഇ. ചന്ദ്രശേഖരൻ : സർ, ആദിവാസികൾ പൊതുവേ സമൂഹത്തിൽ അവഗണിക്കപ്പെടുന്നുവെന്ന് പറയുന്നത് ഏറെ ശരിയെന്ന് ബോദ്ധ്യപ്പെടുന്ന സാഹചര്യമാണ് ഇപ്പോൾ ഉണ്ടായിരിക്കുന്നത്, ഈ സംഭവങ്ങൾ അതിലേയ്ക്കാണ് വിരൽ ചൂണ്ടുന്നത്. ആദിവാസികൾക്ക് വന്നുപെടുന്ന ഇത്തരം ആപൽക്കരമായ സ്ഥിതിവിശേഷങ്ങളിൽ ആദിവാസികളുടെ ചുമതല വഹിക്കുന്ന മന്ത്രി ഏതെങ്കിലും തരത്തിലുള്ള ഇടപെടൽ നടത്തുന്നുണ്ടോയെന്ന് സംശയമാണ്. വയനാട്ടിലെ ഊരുകളിൽ ഇപ്പോൾ കോളറ ബാധിച്ച് അഞ്ചുപേർ മരിച്ചു. കൂടുതൽപേർ ചികിൽസയിലാണ്. ഇപ്പോൾ അവസാനമായി ഇവിടെ ചർച്ച ചെയ്യപ്പെടുന്ന വിഷയം അട്ടപ്പാടിയിലെ രങ്കിയെന്ന ആദിവാസി സ്ത്രീയുടെ മരണത്തെക്കുറിച്ചാണ്. അവർ മരിക്കാനിടയായ സാഹചര്യത്തെക്കുറിച്ച് സൂചിപ്പിച്ചു. ബഹുമാന്യനായ ആരോഗ്യ വകുപ്പുമന്ത്രി അവിടെയുണ്ടായ സ്ഥിതിവിശേഷങ്ങൾ ഇവിടെ ചൂണ്ടിക്കാണിച്ചു. ഇത്തരം ഒരു സാഹചര്യത്തിൽ ആ ആശുപത്രിയിലെ ഡോക്ടർമാർക്കെതിരെ എന്ത് നടപടി സ്വീകരിച്ചുവെന്ന് പറയാൻ അദ്ദേഹം കൂട്ടാക്കിയില്ല. ആദിവാസി വിഭാഗത്തെ പൊതുവേ സമൂഹത്തിൽ എല്ലാവരും അവഗണിക്കുന്നു, ഗവൺമെന്റും അവഗണിക്കുന്നുവെന്ന് തോന്നുന്ന സ്ഥിതിയാണ് ഇപ്പോഴുള്ളത്. ആശുപത്രികളുടെ സ്ഥിതിയെ സംബന്ധിച്ച് കഴിഞ്ഞ ദിവസം ഇവിടെ ചർച്ച ചെയ്തപ്പോൾ, ആവശ്യത്തിന് ഡോക്ടർമാരില്ലെന്ന കാര്യത്തിൽ അടിയന്തിര ശ്രദ്ധ പതിപ്പിക്കുമെന്ന് ബഹുമാന്യനായ മുഖ്യമന്ത്രിതന്നെ പറഞ്ഞു. പ്രത്യേകിച്ച്,

പനി പടർന്നുപിടിക്കുന്ന ഈ സന്ദർഭത്തിൽ ട്രെയിനിംഗുപോലുള്ള സംവിധാനങ്ങൾ നടത്തുകയില്ലെന്നു പറഞ്ഞു. ഇപ്പോൾ ഒരാൾ ട്രെയിനിംഗിന് പോവുകയും മൂന്നുപേർ ഹാജരാകാതിരിക്കുകയും ചെയ്തതുകൊണ്ട് വന്നുപെട്ട ഈ ദു:സ്ഥിതിക്ക് പൂർണ്ണമായ ഉത്തരവാദിത്തം സർക്കാർ ഏറ്റെടുക്കേണ്ടതാണെന്നും അർഹിക്കുന്ന ഗൗരവത്തിൽ അതിനെ കണ്ടില്ലായെന്നുള്ളതുമാണ് ഇവിടെ ചൂണ്ടിക്കാണിക്കാൻ ആഗ്രഹിക്കുന്നത്. ആദിവാസി കേന്ദ്രങ്ങളിലെ പ്രാഥമികാരോഗ്യ കേന്ദ്രങ്ങൾ എൻ.ജി.ഒ. കളെ ഏല്പിക്കാൻ പോകുന്നുവെന്ന് ഈ സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചു. ആദിവാസി ഊരുകളിൽ അത്തരം ഒരു സ്ഥിതി സംജാതമായാൽ അവിടെ ആരാണ് അവരെ തിരിഞ്ഞു നോക്കുക; സൂപ്പർ സ്പെഷ്യാലിറ്റി ആശുപത്രികൾ ട്രൈബൽ മേഖലയിൽ ഉണ്ടായിട്ടും അവരെ തിരിഞ്ഞു നോക്കിയില്ലെങ്കിൽ ഇനി എൻ.ജി.ഒ.കൾ അവരെ രക്ഷിക്കുമെന്നാണോ പറയുന്നത്; അത്തരം ഒരു ഉത്തരവ് പുറപ്പെടുവിച്ചത് ഈ ഗവൺമെന്റിന്റെ അറിവോടുകൂടിയല്ലേ; ബന്ധപ്പെട്ട വകുപ്പു മന്ത്രിക്ക് അറിയില്ലേ; അത്തരം ഒരു ഉത്തരവ് നടപ്പിലാക്കാൻ ഈ ഗവൺമെന്റ് ആലോചിക്കുന്നുണ്ടോ? അതീവ ഗൗരവതരമായ ഈ വിഷയം ഒരു പുനരാലോചനയ്ക്ക് വഴിവയ്ക്കുമെന്ന് കരുതുകയാണ്. ഈ പ്രശ്നത്തിൽ അർഹിക്കുന്ന ഗൗരവത്തോടെ ഗവൺമെന്റ് നടപടി സ്വീകരിക്കാത്തതിൽ പ്രതിഷേധിച്ച് ഞാനും എന്റെ പാർട്ടിയും സഭവിട്ടു പുറത്തുപോവുകയാണ്.

(ശ്രീ. ഇ. ചന്ദ്രശേഖരനും അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ട അംഗങ്ങളും സഭവിട്ടു പുറത്തുപോയി.)

ശ്രീ. മാത്യു റ്റി. തോമസ് : സർ, ആദിവാസി സമൂഹത്തിനാകെ ആശങ്കയും ഉത്കണ്ഠയും ഉണ്ടാക്കുന്ന ഒരു സംഭവമാണ് കഴിഞ്ഞ ദിവസമുണ്ടായത്. രങ്കിയെന്ന സ്ത്രീ നെഞ്ചുവേദനയുണ്ടായി ആദ്യം ഒരു പ്രാഥമിക ആരോഗ്യകേന്ദ്രത്തിൽ പോയി. ഞായറാഴ്ച ദിവസമായിരുന്നതിനാൽ അവിടെ ഡോക്ടറോ മറ്റ് സംവിധാനങ്ങളോ ഉണ്ടായിരുന്നില്ല. പിന്നീട് 12 കിലോമീറ്റർ അകലെയുള്ള കോട്ടത്തറ ട്രൈബൽ സ്പെഷ്യാലിറ്റി ആശുപത്രിയിലേയ്ക്ക് അവരെ കൊണ്ടുപോയി. ആദിവാസി മേഖലയിൽ ഒരു സ്ത്രീ ചികിത്സയ്ക്കുവേണ്ടി ഇത്രയധികം യാത്ര ചെയ്ത് ആശുപത്രിയിൽ എത്തിയതിനുശേഷവും ചികിത്സ കിട്ടാത്ത ഒരു സ്ഥിതിവിശേഷം നമ്മുടെ നാട്ടിലുണ്ടായി എന്നത് സംസ്ഥാനത്തിന് ഒട്ടും അഭിമാനിക്കാൻ കഴിയുന്ന ഒരു വസ്തുതയല്ല, നമ്മെയൊക്കെ അപമാനപ്പെടുത്തുന്ന ഒരു സംഗതിയാണ്. അജ്ഞതമൂലം ചികിൽസയ്ക്കുവേണ്ടി ശ്രമങ്ങൾ നടത്തിയില്ലായെന്നു പറഞ്ഞിരുന്നെങ്കിൽപ്പോലും അപമാനമായിരുന്നു. പക്ഷേ ഇത് അതല്ല, ചികിത്സയ്ക്കുവേണ്ടി ശ്രമങ്ങൾ നടത്തിയിട്ടും അത് കിട്ടാത്ത സ്ഥിതിവിശേഷമാണ്. 12 കിലോമീറ്റർ യാത്ര ചെയ്ത് രണ്ട് ആശുപത്രികളിൽ പോയിട്ടും ചികിൽസ കിട്ടാത്ത സ്ഥിതിവിശേഷം നമ്മുടെ ആദിവാസി മേഖലകളിലെ ഒരു സ്ത്രീക്കുണ്ടായി എന്നുപറയുന്നത് നമ്മുടെയൊക്കെ മന:സാക്ഷിയെ ഞെട്ടിപ്പിക്കുന്നതാണ്. അവധി ദിവസമായിരുന്നു എന്നുപറയുന്നത് ഒരു ന്യായീകരണമല്ല. ഡോക്ടർമാർ അവധി എടുത്തു കാണും. പക്ഷേ രോഗങ്ങൾക്ക് അവധിയില്ലല്ലോ? ഞായ

റാഴ്ച ദിവസം ഒരാൾക്കും രോഗം ഉണ്ടാകാൻ പാടില്ല എന്നുപറഞ്ഞ് അവധി കൊടുക്കാൻ സർക്കാരിന് കഴിയില്ലല്ലോ; ഇത് നമ്മുടെയൊക്കെ കണ്ണുതുറപ്പിക്കേണ്ട ഒരു വിഷയമാണ്, വളരെ ഗൗരവമായി ഗവൺമെന്റ് കൈകാര്യം ചെയ്യേണ്ട ഒരു വിഷയമായി ഞങ്ങൾ മനസ്സിലാക്കുകയാണ്. ചികിത്സയ്ക്കുവേണ്ടി രണ്ട് ആശുപത്രികളുടെ വാതിലുകൾമുട്ടിയിട്ട് ചികിത്സകിട്ടാതെ ഒരു ആദിവാസി സ്ത്രീ നമ്മുടെ സംസ്ഥാനത്ത് മരണ പ്പെടാനുണ്ടായ സ്ഥിതിവിശേഷം അങ്ങേയറ്റം ഗൗരവമായി കാണേണ്ടത് സർക്കാർ തികഞ്ഞ ലാഘവത്തോടുകൂടി നിസ്സാര സംഭവമായി കണ്ടത് അങ്ങേയറ്റം ദു:ഖകരമായിപ്പോയി. ഇതിൽ പ്രതിഷേധിച്ച് ഞാനും എന്റെ കക്ഷിയും വാക്കൗട്ട് നടത്തുന്നു.

(ശ്രീ. മാത്യു റ്റി. തോമസും അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ട അംഗ ങ്ങളും സഭവിട്ടു പുറത്തുപോയി.)

ശ്രീ. എ.എ. അസീസ് : സർ, ആദിവാസി സ്ത്രീ ചികിത്സ ലഭിക്കാതെ മരണപ്പെടാൻ ഇടയായ സംഭവം ഡോക്ടർമാരുടെ കുറവും ഡോക്ടർമാർ അവധി എടുത്തതുമൂലവുമാണെന്നാണ് ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞത്. 2006-ലെ എൽ.ഡി.എഫ്. ഗവൺമെന്റ് അധികാരത്തിൽവരുമ്പോൾ ആരോഗ്യ വകുപ്പിൽ ആറായിരം ഡോക്ടർമാരുടെ കുറവ് ഉണ്ടായിരുന്നു. അത്രയും ഡോക്ടർമാരുടെ കുറവ് നികത്തിയ ഒരു കാലഘട്ടമായിരുന്നു 2006-2011. എന്നാൽ ഡോക്ടർമാരുടെ കുറവ് സംഭവിക്കുമ്പോൾ അവരെ കണ്ടെത്താൻ ശ്രമിക്കുന്നതിനിടയിൽ സർവ്വീസിൽ വരുന്ന ഡോക്ടർമാരിൽ പലരും അവധി എടുക്കുകയും സ്വകാര്യസേവനം അനുഷ്ഠിക്കുകയും ചെയ്യുന്നത് ഈ ഡിപ്പാർട്ടുമെന്റിൽ ധാരാളമായി കാണാൻ കഴിയും. ഇതിനൊക്കെ പരിഹാരം കാണാൻവേണ്ടിയുള്ള നടപടികൾ കഴിഞ്ഞ ഗവൺമെന്റിന്റെ കാലഘട്ടത്തിൽ ആരംഭിച്ചിരുന്നതാണ്. ആ നടപടികളൊന്നും ഇന്നില്ലായെന്നുള്ളതുകൊണ്ടുതന്നെയാണ് ഡോക്ടർമാർ ധിക്കാരപരമായി ഇത്തരത്തിൽ പെരുമാറുകയും കൂട്ടത്തോടെ അവധി എടുക്കുകയും ചെയ്യുന്നത്. മൂന്നു ഡോക്ടർമാർ ഒരുമിച്ച് അവധി എടുത്തു എന്നുപറയുമ്പോൾ അവർക്കെതിരെ നടപടി പ്രഖ്യാപിക്കാൻ ബാധ്യതയുള്ള മന്ത്രി അവരെ സസ്പെൻഡ് ചെയ്തതിനുശേഷം ഈ സഭയിൽ വന്നു മറുപടി പറയേണ്ടതായിരുന്നു. നിർഭാഗ്യകരമെന്നുപറയട്ടെ, അത് ആ ഡിപ്പാർട്ടുമെന്റിന്റെ വീഴ്ചയാണ്. ബഹുമാനപ്പെട്ട വകുപ്പുമന്ത്രിക്ക് അത് സമ്മതിക്കേണ്ടിവരും.

അതുകൊണ്ട് അക്കാര്യങ്ങൾ ഉൾപ്പെടെ ചർച്ച ചെയ്യാൻ കൂട്ടാക്കാത്ത സർക്കാർ സമീപനത്തിൽ പ്രതിഷേധിച്ച് ഞാനും എന്റെ കക്ഷിയും വാക്കൗട്ട് ചെയ്യുന്നു.

ശ്രീ. എ.കെ.ശശീന്ദ്രൻ : സർ, ആദിവാസി മേഖലയിലെ ജനങ്ങളാകെ വല്ലാത്ത പരിഭ്രാന്തിയിൽ എത്തിച്ചേർന്ന സാഹചര്യത്തിലാണ് രങ്കി എന്ന ആദിവാസി സ്ത്രീ മരിക്കാനിടയായ സംഭവം പ്രതിപക്ഷം സഭയുടെ മുമ്പാകെ കൊണ്ടുവന്നത്. ചുരുങ്ങിയ കാലഘട്ടത്തിനിടയിൽ ആദിവാസി മേഖലയിൽ 53 പേരാണ് മരിക്കാനിടയായത്. ഈ ഒരു സാഹചര്യം അവഗണിച്ചു തള്ളാൻ പറ്റാത്ത ഒരു കാര്യമാണെന്ന് മനസാക്ഷിയുള്ളവർക്കെല്ലാം ബോധ്യമാകും. പക്ഷേ ദൗർഭാഗ്യവശാൽ ഇന്ന് ഇവിടെ ആരോഗ്യ മന്ത്രിയും മുഖ്യമന്ത്രിയും തികഞ്ഞ നിസ്സംഗതയാണ് ഈ പ്രശ്നത്തോട് കാണിച്ചതെന്ന് പറയാതിരിക്കൻ നിർവ്വാഹമില്ല. പ്രവൃത്തി ദിവസങ്ങളിൽ അവധി എടുക്കാൻ പാടില്ലെന്ന് നിർദ്ദേശിച്ചതായി മന്ത്രി ഇവിടെ വിചിത്രമായ ഒരു വാദം ഉന്നയിച്ചു. പ്രവൃത്തി ദിവസമല്ലാതെ അവധി ദിവസമാണോ അവധി എടുക്കേണ്ടത്? ഇങ്ങനെ ഉന്നയിച്ചതു തന്നെ ഈ പ്രശ്നത്തിലുള്ള അദ്ദേഹത്തിന്റെ ലാഘവ ബുദ്ധിയോടുകൂടിയ സമീപനത്തിന് തെളിവാണ്. ഈ സഭ തുടങ്ങിയതിനുശേഷം പലവട്ടം ഇവിടെ ആരോഗ്യമേഖലയിലെ പ്രശ്നങ്ങൾ ചർച്ച ചെയ്തു. എന്നുംപറയുന്നത് നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്, കർശനമായ നടപടികൾ സ്വീകരിക്കും എന്നൊക്കെയാണ്. നിർദ്ദേശങ്ങൾ നൽകുക എന്നതിനപ്പുറം എന്തെങ്കിലും ഒരുകാര്യം മുന്നോട്ടുപോയതായി നമുക്ക് ആർക്കെങ്കിലും ബോധ്യമായിട്ടുണ്ടോ? അതുകൊണ്ട് ഞാൻ പ്രതീക്ഷിച്ചത് മുഖ്യമന്ത്രിയെങ്കിലും ഇടപെട്ട് ഈ ഉദ്യോഗസ്ഥന്മാരെ സസ്പെൻഡ് ചെയ്യു

മെന്നും മരിക്കാനിടയായ ആ പാവപ്പെട്ട സ്ത്രീയുടെ ബന്ധുക്കൾക്ക് നഷ്ടപരിഹാരം നൽകുമെന്ന പ്രഖ്യാപനം ഈ സഭയിൽ നടത്തുമെന്നായിരുന്നു. അങ്ങനെ ചുമതലയോടുകൂടി പ്രവർത്തിക്കുന്ന ഒരു ഗവൺമെന്റിന്റെ മുഖമല്ല, നിസ്സംഗതയോടുകൂടി പ്രവർത്തിക്കുന്ന ഒരു സർക്കാരിന്റെ വികൃതമായ മുഖമാണ് ഇവിടെ ദർശിച്ചിട്ടുള്ളത്. അത്തരം സമീപനത്തോട് യാജിക്കാൻ നിർവ്വാഹമില്ലാത്തതുകൊണ്ട് ഗവൺമെന്റിന്റെ ഈ തെറ്റായ നിലപാടിൽ പ്രതിഷേധിച്ച് ഞാനും എന്റെ പാർട്ടിയും ഇറങ്ങിപ്പോകുന്നു.

(ശ്രീ. എ.കെ ശശീന്ദ്രനും അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ട അംഗവുംസഭവിട്ടു പുറത്തുപോയി.)

(ശ്രദ്ധക്ഷണിക്കൽ)

* * * * * * * * * * * * * * *